LIBRARY ARCHIVES Kerala Legislative Assembly

ആക്സിലറേറ്റഡ് ഇറിഗേഷൻ പദ്ധതി

135 [255] ശ്രീ. കെ. മുഹമ്മദാലി:

" എം. എ. ചന്ദ്രശേഖരൻ:

" ലൂഡി ലൂയിസ്:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികൾ ആക്സിലറേറ്റഡ് ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിനത്തിൽ സംസ്ഥാനത്തിന് എന്തു തുക കേന്ദ്ര സഹായമായി ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) (1) മൂവാറ്റുപുഴ ജലസേചന പദ്ധതി.

(2) കല്ലട ജലസേചന പദ്ധതി.

(ബി) എ.ഐ.ബി.പി. പ്രകാരം 2004-2005-ൽ സംസ്ഥാനത്തിന് 50 കോടി രൂപയുടെ കേന്ദ്ര സഹായം ലഭിക്കുമെന്ന് കരുതുന്നു.

എം.വി.ഐ.പി. പദ്ധതി

136 [259] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.വി.ഐ.പി. പദ്ധതിയുടെ മെയിൻ കനാൽ, ബ്രാഞ്ച് കനാൽ, ഡിസ്ട്രിബ്യൂട്ടറി, മൈനർ ഡിസ്ട്രിബ്യൂട്ടറി ഇവ എത്ര കി.മീറ്റർ വീതമാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) അവയിൽ പണി തീർന്നത് എത്ര കിലോമീറ്റർ വീതം ആണ്; ഓരോന്നിന്റെയും വിശദാംശം വെളിപ്പെടുത്താമോ;

(സി) പണി തീർക്കാൻ അവശേഷിക്കുന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) എം.വി.ഐ.പി. പദ്ധതി ഏതു വർഷമാണ് ആരംഭിച്ചിട്ടുള്ളത് എന്ന് പറയുമോ;

(ഇ) ഏത് സർക്കാരിന്റെ കാലത്താണ് പണികൾ ചെയ്തു തീർത്തിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മെയിൻ കനാൽ 65.437 കി.മീറ്റർ.

ബ്രാഞ്ച് കനാൽ 57.154 കി.മീറ്റർ.

ഡിസ്ട്രിബ്യൂട്ടറികൾ 234.62 കി.മീറ്റർ.

(ബി) മെയിൻ കനാൽ 60.072 കിമീറ്ററും, ബ്രാഞ്ച് കനാൽ 37.874 കിമീറ്ററും, ഡിസ്ട്രിബ്യൂട്ടറികളുടെ 100.011 കി.മീറ്ററും പണി തീർത്തിട്ടുണ്ട്.

(സി) മെയിൻ കനാലിന്റെ 5.365 കി.മീറ്ററും, ബ്രാഞ്ച് കനാലിന്റെ 19.280 കി.മീറ്ററും, ഡിസ്ട്രിബ്യൂട്ടറികളുടെ 134.609 കി.മീറ്ററും പണികളാണ് തീർക്കാൻ അവശേഷിക്കുന്നത്.

(ഡി) എം.വി.ഐ.പി. പദ്ധതി 1974-ൽ ആണ് ആരംഭിച്ചത്.

(ഇ) ഓരോ പണിയും തുടങ്ങിയതിന്റേയും ചെയ്തു തീർത്തതിന്റേയും കാലയളവ് അനുസരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതി

137 [261] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ അവശേഷിക്കുന്ന കനാലുകളുടെയും മറ്റ് ഡിസ്ട്രിബ്യൂട്ടറികളുടെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) ഇതിൽ പണി പൂർത്തീകരിച്ച ഭാഗത്തിന്റെ എത്ര തുക കരാറുകാർക്ക് കൊടുത്തു തീർക്കുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly